# ഫത്‌വ

# ഖബ്ർസന്ദർശനത്തിന്റെ ലക്ഷ്യം

**ഖബ്ർ സന്ദർശിക്കുന്ന ചിലർ അവക്കടുത്തു വെച്ച് നമസ്കരിക്കുന്നതായും ഖബ്റാളികളോട് ആവശ്യങ്ങൾ ചോദിക്കുന്നതായും കാണുന്നു. ഖബ്ർ സന്ദർശനത്തിന്റെ ഇസ്‌ലാമിക രീതിയെന്താണ്? ഖബ്ർ സന്ദർശനവേളയിൽ അവിടെ അടക്കം ചെയ്യപ്പെട്ടിരിക്കുന്നവരുടെ പേരുകൾ സ്മരിക്കുന്നതു കൊണ്ട് കുഴപ്പമുണ്ടോ?**



(ഈ ചോദ്യത്തിന് മറുപടി നൽകുന്നത് മൗറിത്താനിയയിലെ പ്രമുഖ പണ്ഡിതൻ **മുഹമ്മദ് ഹസൻ ദദൂ**).

**പ**രലോക സ്മരണ ഉണ്ടാക്കുക എന്നതാണ് ഖബ്ർ സന്ദർശനത്തിന്റെ ലക്ഷ്യം. മരണപ്പെട്ടവർക്ക് എന്തെങ്കിലും നേട്ടം ലഭിക്കുക എന്നതല്ല. ഒരാളുടെ സന്ദർശനം കൊണ്ട് മയ്യിത്തിന് പ്രത്യേകിച്ച് ഉപകാരമൊന്നുമുണ്ടാവുന്നില്ല. എന്നാൽ പ്രാർഥനയുടെ ഗുണം അയാൾക്ക് ലഭിക്കുന്നതാണ്. അതു പക്ഷേ വിദൂരതയിലിരുന്ന് പ്രാർഥിച്ചാലും കിട്ടും.

സന്ദർശിക്കുമ്പോൾ ഖബ്റിലുള്ള വ്യക്തിയുടെ നാമം സ്മരിക്കേണ്ടതില്ലെങ്കിലും, അങ്ങനെ ചെയ്യുന്നതുകൊണ്ട് കുഴപ്പമില്ല. നമുക്ക് അറിവും പരിചയവുമുള്ള വ്യക്തിയുടെ ഖബ്റിടം സന്ദർശിക്കുന്നത് പരലോക സ്മരണ വർധിപ്പിക്കാൻ കൂടുതൽ ഉപകാരപ്പെട്ടെന്ന് വരും. റസൂലിന്റെ സന്ദർശന രീതി ഇപ്രകാരമായിരുന്നു. മയ്യിത്തിന്റെ തലയുടെ ഭാഗത്തോ മുൻഭാഗത്തോ നിന്ന് ഇപ്രകാരം പ്രാർഥിക്കും:

السّلامُ عَلَيْكُمْ دارَ قَوْمٍ مُؤْمِنِينَ وإنّا إنْ شاءَ اللّهُ بِكُمْ لاحِقُون. أَمِنَ اللّهُ رَوْعَتَكُمْ وَ آنِسَ وَحْشَتَكُمْ وَجَعَلَ الْجَنَّةَ مَوْعِدًا بَيْنَنَا و بَيْنَكُمْ يَرْحَمُ اللّهُ الْمُتَقَدِّمِينَ مِنَّا وَالْمُسْتَأْخِرِينَ...اللّهُمَّ رَبِّ هذِهِ الأَجْسَادِ الْبَالِيَةِ وَالْعِظَامِ النَّخِرَةِ الّتي خَرَجَتْ مِنَ الدُّنْيا وَهِيَ بِكَ مُؤْمِنَةٌ أَنْزِلْ عَلَيْهَا رَوْحًا مِنْكَ وَسَلَامًا مِنَّا.....

(വിശ്വാസികളുടെ സമൂഹമേ, നിങ്ങൾക്ക് സലാം. അല്ലാഹുവിന്റെ വിധിയുണ്ടെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. അല്ലാഹു നിങ്ങളുടെ ഭയം മാറ്റി ശാന്തിയേകട്ടെ, ഏകാന്തത മാറ്റി ചങ്ങാതിയെയും നൽകട്ടെ. ഞങ്ങൾക്കും നിങ്ങൾക്കും അവന്റെ വാഗ്ദാനമായ സ്വർഗം ലഭിക്കട്ടെ. നമ്മുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും അവന്റെ കാരുണ്യമുണ്ടാവട്ടെ. അല്ലാഹുവേ, നാഥാ, ഇഹലോകത്തുനിന്ന് യാത്രയായി നശിച്ചുപോയ ഈ ശരീരങ്ങളും ദ്രവിച്ചുപോയ എല്ലുകളും നിന്നിൽ വിശ്വസിക്കുന്നവയായിരുന്നു. നാഥാ! അവർക്ക് നിന്റെ ആശ്വാസം വർഷിക്കേണേ, ഞങ്ങളുടെ സലാമും എത്തിക്കേണമേ).

മറ്റൊരു പ്രാർഥന ഇങ്ങനെയായിരുന്നു:

السّلَامُ عَلَيْكُمْ أَهْلَ الدّيَارِ مِنَ الْمُسْلِمِينَ وَالْمُسْلِمَاتِ نَسْأَلُ اللّهَ لَنَا وَلَكُمْ الْعَافِيَةَ

(ഈ ഖബ്റിടങ്ങളിലുള്ള വിശ്വാസികളേ, വിശ്വാസിനികളേ നിങ്ങൾക്ക് സലാം. ഞങ്ങൾക്കും നിങ്ങൾക്കും വിട്ടുവീഴ്ച ചെയ്തുതരാൻ ഞങ്ങളിതാ അല്ലാഹുവിനോടിരക്കുന്നു). പിന്നീട് പിരിഞ്ഞു പോകും. ഇതായിരുന്നു പ്രവാചക തിരുമേനിയുടെ ഖബ്ർ സന്ദർശനത്തിന്റെ രീതി.

ഖബ്റാളികളുടെ അവസ്ഥ എന്തായിരിക്കും, സ്വർഗ സൗഭാഗ്യങ്ങളാണോ നരക പീഡനമാണോ അയാൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്, താനും ഒരുനാൾ ഈ ഏകാന്തതയിൽ ഇടുങ്ങിയ കുഴിയിൽ കിടക്കേണ്ടിവരില്ലേ എന്നൊക്കെയുള്ള ചിന്ത സന്ദർശകന്റെ മനസ്സിനെ പിടികൂടും. അങ്ങനെ പരലോക സ്മരണയും ദൈവവിശ്വാസവും ശക്തി പ്രാപിക്കും.

## ഗർഭിണിയുടെ മരണവും അനുബന്ധ പ്രശ്നങ്ങളും



**ഗർഭിണിയായിരിക്കെ മരണപ്പെടുന്ന സ്ത്രീയെ മറമാടുന്നതിന്റെ രീതിയെന്താണ്? മറമാടുന്നതിനു മുമ്പ് ഗർഭസ്ഥ ശിശുവിനെ പുറത്തെടുക്കേണ്ടതുണ്ടോ?**

(സുഊദി പണ്ഡിതൻ **മുഹമ്മദ് ശൻഖീത്തി**യുടെ ഫത്‌വ)

**ഈ** വിഷയകമായി പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ആറു മാസം തികഞ്ഞ ജീവനുള്ള കുട്ടിയാണെന്ന് ബോധ്യപ്പെടുന്നപക്ഷം ജഡം ഓപ്പറേഷൻ ചെയ്തിട്ടാണെങ്കിലും കുട്ടിയെ പുറത്തെടുക്കണമെന്നാണ് ഒരഭിപ്രായം.

ജഡത്തിനു മുറിവേൽപിച്ചുകൊണ്ട് കുട്ടിയെ പുറത്തെടുക്കേണ്ടതില്ല എന്നാണ് രണ്ടാമത്തെ അഭിപ്രായം. താഴെ വരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ആദ്യത്തെ അഭിപ്രായമാണ് ശരി എന്നാണ് ബോധ്യമാവുന്നത്.

1. നാശത്തിൽനിന്ന് ജീവനെ രക്ഷിക്കണമെന്ന് അല്ലാഹു നിർബന്ധമാക്കിയ കാര്യമാണ്. 'നിർബന്ധകാര്യം ചെയ്യാൻ അനിവാര്യമായ മാർഗമവലംബിക്കേണ്ടതും നിർബന്ധമാണ്' എന്നത് ഒരു നിദാനശാസ്ത്ര തത്ത്വമാണ്. അതിനാൽ ജീവൻ രക്ഷിക്കുക എന്ന നിർബന്ധ കാര്യം നിറവേറ്റാൻ വേണ്ടി മയ്യിത്തിൽ മുറിവേൽപിക്കലേ നിർവാഹമുള്ളൂവെങ്കിൽ അങ്ങനെ ചെയ്യണം.

2. രണ്ടു തിന്മകളിലൊന്ന് തെരഞ്ഞെടുക്കൽ അനിവാര്യമാവുമ്പോൾ ദോഷം കുറഞ്ഞത് തെരഞ്ഞെടുക്കുക എന്ന ഒരു തത്ത്വമുണ്ട്. ഗർഭസ്ഥശിശുവിനെ മരണത്തിനു വിടണമോ മയ്യിത്തിന്റെ വയറ് കീറണമോ എന്നതാണ് ഇവിടത്തെ പ്രശ്നം. ഒരു ജീവനെ മരണത്തിനു വിടുന്നതിനേക്കാൾ ലഘുവാണല്ലോ മയ്യിത്തിന്റെ വയറ് കീറുക എന്നത്.

മാത്രമല്ല മൃതശരീരത്തിൽ ശസ്ത്രക്രിയ ചെയ്താലും മുറിവ് തുന്നിച്ചേർക്കാൻ സാധിക്കും. എന്നാൽ ശിശുവിന്റെ മരണം മറ്റൊരു നിലക്കും പരിഹരിക്കാൻ സാധ്യമല്ല. അതിനാൽ സ്കാനിംഗ് മുതലായ സംവിധാനങ്ങളുപയോഗിച്ചോ ഗർഭസ്ഥശിശുവിന്റെ ചലനം വഴിയോ കുട്ടിക്ക് ജീവനുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഓപ്പറേഷനിലൂടെ കുട്ടിയെ പുറത്തെടുക്കണം എന്ന അഭിപ്രായമാണ് ശരിയായി തോന്നുന്നത്.

## ഭീമമായ വിലയ്ക്ക് നമ്പറുകൾ വാങ്ങാമോ?

**ഫോണിനും വാഹനത്തിനുമൊക്കെ വേണ്ടി ഭീമമായ തുക ചെലവാക്കി പ്രത്യേക നമ്പറുകൾ വിലയ്ക്ക് വാങ്ങുന്ന പ്രവണത പല നാടുകളിലും വർധിച്ചുവരുന്നു. ഇതിന്റെ ഇസ്ലാമിക വിധിയെന്താണ്?**



(സുഊദി പണ്ഡിതൻ **മുഹമ്മദ് സ്വലാഹ് അൽ മുൻജിദ്**)

ധൂർത്തും ദുർവ്യയവും അല്ലാഹു വിലക്കിയ കാര്യങ്ങളാണ്. "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊൾക. എന്നാൽ ധൂർത്ത് പാടില്ല. ധൂർത്തന്മാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല, തീർച്ച" (*അൽഅഅ്റാഫ്* 31). "നിങ്ങൾ ധൂർത്ത് കാണിക്കരുത്. നിശ്ചയം ധൂർത്തന്മാർ പിശാചിന്റെ സഹോദരന്മാരാകുന്നു" (*അൽഇസ്രാഅ്* 26,27). അതുപോലെ ധനത്തിന്റെ സമ്പാദനത്തെയും വ്യയത്തെയും കുറിച്ച് മനുഷ്യൻ വിചാരണനാളിൽ അല്ലാഹുവിനോട് ഉത്തരം ബോധിപ്പിക്കേണ്ടതുണ്ട്. റസൂൽ (സ) പറയുന്നു: "നാലു കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ ഒരടിമക്ക് തന്റെ പാദങ്ങൾ ചലിപ്പിക്കാനാവില്ല. തന്റെ ആയുസ് എങ്ങനെയാണ് നശിപ്പിച്ചത്? തന്റെ വിജ്ഞാനം കൊണ്ടെന്തു ചെയ്തു? ധനം എവിടെ നിന്നു സമ്പാദിച്ചു, അതെങ്ങനെ ചെലവഴിച്ചു? തന്റെ ശരീരം എന്തിലാണ് തുലച്ചത്?" (തിർമിദി).

മൊബൈൽ ഫോണുകൾക്കും വാഹനങ്ങൾക്കും പ്രത്യേക നമ്പറുകൾ സ്വന്തമാക്കാൻ വേണ്ടി ലക്ഷങ്ങൾ മുടക്കുന്നത് ഒന്നുകിൽ ധൂർത്താണ്, അല്ലെങ്കിൽ ഹറാമായ രീതിയിലുള്ള ധനവ്യയമാണ്. കാറിന്റെ നമ്പർ പ്ലേറ്റിൽ '1' എന്ന അക്കം കിട്ടാൻ ഒരു മുസ്ലിം ധനാഢ്യൻ ചെലവാക്കിയത് 2.18 മില്യൻ ഡോളർ! '2' എന്ന നമ്പർ ലേലത്തിൽ വിളിച്ചത് 1.11 മില്യന്. ലക്ഷക്കണക്കിന് സഹോദരങ്ങൾ ഉണ്ണാനുമുടുക്കാനുമില്ലാതെ ലോകമെങ്ങും കഷ്ടപ്പെടുമ്പോഴാണ് ഈ പൊങ്ങച്ച പ്രകടനം എന്നോർക്കണം. അഹങ്കാരവും പെരുമ നടിക്കലുമൊക്കെയാണ് ആളുകളെ ഇത്തരം വേണ്ടാതീനങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. ഇത്തരം സ്വഭാവങ്ങളെല്ലാം ഇസ്ലാം വിലക്കിയതും അപലപിച്ചതുമാണ്.

എന്നാൽ വാണിജ്യ സ്ഥാപനങ്ങൾക്കോ ഓഫീസുകൾക്കോ വേണ്ടി ഭീമമായ സംഖ്യ മുടക്കാതെ, ആളുകൾക്ക് എളുപ്പം ഓർമിക്കാവുന്ന നമ്പറുകൾ വാങ്ങുന്നതിൽ തെറ്റില്ല. പ്രസിദ്ധിയും പൊങ്ങച്ചവും ലക്ഷ്യം വെച്ച് പ്രത്യേക നമ്പറുകൾക്കു വേണ്ടി ധനം തുലക്കുന്നവർ പ്രസിദ്ധിയുടെ വസ്ത്രം ധരിക്കുന്നതിനെ സംബന്ധിച്ച പ്രവാചകന്റെ താക്കീത് ഓർത്തിരിക്കേണ്ടതാണ്.

"പ്രസിദ്ധിയുടെ വസ്ത്രം ധരിക്കുന്നവനെ അന്ത്യദിനത്തിൽ അല്ലാഹു അതേ പോലുള്ള വസ്ത്രം ധരിപ്പിക്കും. തീ അതിൽ ആളിപ്പടരും." 'നിന്ദ്യതയുടെ വസ്ത്രം ധരിപ്പിക്കും' എന്നാണ് മറ്റൊരു റിപ്പോർട്ടിലുള്ളത് (അബൂദാവൂദ് 4029, ഇബ്നു മാജ 3607).

ഇത്തരം പ്രത്യേക നമ്പറുകളുടെ വിൽപനയും വാങ്ങലും അനുവദനീയമല്ല. അനുവദനീയമാകുന്ന സന്ദർഭങ്ങളിലും അതിനു വേണ്ടി ഭീമമായ പണം മുടക്കാൻ പാടില്ല. ■